
# KANKOL ALPS



## അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

# കാക്കോൽ എ.എൽ.പി സ്കൂൾ

## സ്കൂൾ
## അക്കാദമിക
## മാസ്റ്റർ പ്ലാൻ

2025-26

# കാങ്കോൽ എ എൽ പി സ്കൂൾ

കാങ്കോൽ എ എൽ പി സ്കൂൾ
കാങ്കോൽ [PO]
പയ്യന്നൂർ [Via]
കണ്ണൂർ [DT]
670521

സ്കൂൾ കോഡ് : 13937
Email : hm.kankolalps@gmail.com
ഉപജില്ല : പയ്യന്നൂർ
വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ്
ജില്ല : കണ്ണൂർ

# ഉള്ളടക്കം

ആമുഖം

കാഴ്ചപ്പാട്

അവസ്ഥാവിശകലനം

പൊതുലക്ഷ്യങ്ങൾ

ലക്ഷ്യങ്ങൾ

അടിസ്ഥാനശേഷി വികസനം - മലയാളം

അടിസ്ഥാനശേഷി വികസനം - ഇംഗ്ലീഷ്

അടിസ്ഥാനശേഷി വികസനം - ഗണിതം

അടിസ്ഥാനശേഷി വികസനം - അറബിക്

അടിസ്ഥാനശേഷി വികസനം - ഹിന്ദി

സാമൂഹികാവബോധം

വിവരസാങ്കേതികം

ൈപാന്യാലിഞ്ഞാനാം.
പ്രവൃത്തി പരിചയം
ആരോഗ്യക്കായിക്കാം.

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയവും. ഇതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയവും ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ഇതിന്റെ മുന്നോടിയായി ദീർഘകാല കാഴ്ചപ്പാടോടുകൂടി സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അക്കാദമിക വികാസമാണ് വിദ്യാലയത്തിന്റെ വികാസം എന്ന ആശയത്തിലൂന്നിയാണിവിടെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകരമായ പദ്ധതികൾ ഇതിൽ ഉൾക്കൊള്ളുന്നു.

അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക - രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനാ പ്രവർ-

ന്നകാര്, വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയൂ. സമഗ്ര ഗുണമേന്മാ വിദ്യാലയം എന്ന ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്ന തരത്തിൽ വിവിധ മേഖല-കളിലൂടെ വികാസം വിദ്യാർത്ഥികൾ നേടേണ്ടതുണ്ട്. പാഠ്യതലത്തെ സമ്പൂർണ്ണതയ്ക്കുതകുന്ന വിധത്തിൽ കാലോചിതമായി മാറ്റിയെടുക്ക-ണമെങ്കിൽ മൂല്യബോധവും സമ്പൂർണം കൂടിയേ തീരൂ. അതിനാൽ വരും വർഷത്തിൽ നമ്മുടെ വിദ്യാലയം നടപ്പിലാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

കാങ്കോൽ - ആലപ്പടമ്പ ഗ്രാമപഞ്ചായത്തിലെ

ഏറ്റവും പഴക്കം ചെന്ന വിദ്യാലയമായ കാങ്കോൽ എ. എൽ. പി. സ്കൂൾ 1915 ലാണ് സ്ഥാപിതമായത്. 110 വർഷം പിന്നിട്ട ഈ വിദ്യാലയം 2015-16 വർഷക്കാലം ശതാബ്ദിയുടെ ഭാഗമായി സ്കൂളിൽ ഭൗതികമായ

ം പുരോഗതികൾ ഉണ്ടാക്കാൻ പി.ടി.എ യുടെയും പൂർവ്വവിദ്യാർത്ഥികളുടെയും ശ്രമഫലമായി കഴിഞ്ഞിട്ടുണ്ട്. വിശാലമായ സ്റ്റേജ്, കുട്ടികൾക്ക് ഉച്ച-ഭക്ഷണത്തിനുള്ള ഷെഡ്, കൈകഴുകാനുള്ള പൈപ്പുകളോടുകൂടിയ വാഷ്ബേസിൻ, മൂത്രാലയം ഇവയിൽ ചിലതാണ്.

ആയിരങ്ങൾക്ക് അക്ഷരവെളിച്ചം പകർന്ന ഈ വിദ്യാലയം ഇന്ന് വികസനത്തിന്റെ പാതയിലാണ്. അക്കാദമിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിനു സാധിക്കുന്നുവെന്നത് തികച്ചും അഭിമാനകരമാണ്. ഇവിടത്തെ പൂർവ്വ-വിദ്യാർത്ഥികൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. പഠനനിലവാരത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയങ്ങൾ വിവിധ കലാ-സാഹിത്യമത്സരങ്ങൾ ക്വിസ്മത്സരങ്ങൾ എന്നിവയിൽ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. സബ്ജില്ലാതല അറബിക് ക്വിസ് കിടക്കം മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചുവരുന്നു. സബ്ജില്ലാ അറബിക് കലോത്സവത്തിൽ തുടർച്ചയായി 3 തവണ രണ്ടാം സ്ഥാനവും രണ്ടുതവണ

ഒരേ സ്ഥാനവും നേടിയിട്ടുണ്ട്. വിജ്ഞാനോത്സവം, പ്രവർത്തിപരിചയം, ശാസ്ത്രമേള തുടങ്ങിയവയിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസുകളിലായി ഈ വർഷം 105 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

പ്രധാനാധ്യാപികയും അറബിക് ടീച്ചറും ഉൾപ്പെടെ 6 അധ്യാപകർ നിലവിലുണ്ട്. ഇപ്പോഴത്തെ സ്കൂൾ മാനേജരായ പി. കെ. രാജഗോപാലൻ മാസ്റ്റർ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ശ്രദ്ധാലുവാണ്. സ്കൂളിലെ പഠനാവശ്യങ്ങൾക്കും നിലവിലെ മാനേജ്മെന്റ് കൂടെയുണ്ട്.

പുതിയ പഠനരീതിയനുസരിച്ച് ICT സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. 105 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 6 ലാപ്ടോപ്പും 1 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും 4 പ്രൊജക്ടറും ഉണ്ട്. നല്ല പാചകപ്പുര നിലവിലുണ്ടെങ്കിലും കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഭക്ഷണശാലയുടെ

അനുഭവം നിലനിർത്തുന്നുണ്ട്. കായിക മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികളുണ്ടെങ്കിലും ഒരു കളിസ്ഥലം ഇല്ലാത്തതിന്റെ പ്രയാസം അനുഭവിക്കുന്നുണ്ട്. സ്കൂളിന്റെ സുരക്ഷിതത്വം നിലനിർത്താൻ ചുറ്റുമതിൽ അത്യാവശ്യമാണ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികളുടെ എണ്ണം അപര്യാപ്തമാണ്.

വിദ്യാലയ ഭാവന ഭൗതിക-അക്കാദമിക സാംസ്കാരിക മേഖലകളെ കാലത്തിനനുസരിച്ചും ചരിത്രത്തോടു നീതി പുലർത്തിയും മികവുറ്റതാക്കുന്ന ചുമതല കക്ഷി-രാഷ്ട്രീയതിനാതീതമായി ഒരുമയോടും ഏറ്റെടുക്കണമെന്നാഗ്രഹിക്കുന്നു.

കാഴ്ചപ്പാട്

മികവോടെ

ഉയരങ്ങളിലേക്ക്

# അവസ്ഥാവിശകലനം

## വിദ്യാർത്ഥികളുടെ എണ്ണം

| I std | | | II std | | | III std | | | IV std | | | V std | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 8 | 9 | 17 | 6 | 9 | 15 | 12 | 11 | 23 | 11 | 16 | 27 | 13 | 10 | 23 |

| Boys | Girls | Total |
|---|---|---|
| 50 | 55 | 105 |

# പൊതുലക്ഷ്യങ്ങൾ

സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

"ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

ഐ.സി.ടി. പഠനോപാധിയായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികമാക്കണം
ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി
തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകാം. ഇതിനായി വ്യക്തമായ
പി.ടി.എ / ക്ലാസ് പി.ടി.എ കൾ എന്നിവ ചേരും

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും
അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്
ഷീറ്റുകൾ എസ് ആർ ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കാം.

വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവു
നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ വിദ്യാലയത്തിൽ പരിപാ-
ലിക്കുന്നതിൽ കുട്ടികളെ പ്രാപ്തരാക്കും.

വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# ഉദ്ദേശ്യങ്ങൾ

## ഭാഷാവികസനം

1) മലയാള കൃതികളെല്ലാം അർത്ഥപൂർണ്ണമായി വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും പ്രാപ്തരാക്കുക.
2) മലയാള കൃതികൾക്കും അവരവരുടെ ക്രിയാത്മകതയ്ക്ക് അനുയോജ്യമാകുന്ന നാടകത്തിലൂടെ ആശയവിനിമയശേഷി നേടി മുന്നേറാൻ വളർത്തുക
3) കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4) സർഗ്ഗാത്മക രചനകളുടെ അവതരണം സൃഷ്ടിക്കുക.
5) ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക
6) ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7) വിമർശ വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

1) ഇംഗ്ലീഷിൽ അർത്ഥവിന്യാസങ്ങളോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2) ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
3) സ്വതന്ത്ര രചനയ്ക്ക് സജ്ജരാക്കുക.
4) സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
5) സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.
6) ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ, എഴുത്ത് സമീപനരേഖക്ക് വ്യക്തിഗത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7) ക്ലാസ് റൂം വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8) ഓരോ ഇംഗ്ലീഷ് വാക്യത്തിൽ പദങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കൃത്യമായി അധ്യാപകരുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ അതുതന്നെ ചെയ്യുക

# ഉദ്ദേശ്യങ്ങൾ

1) റോഡ് സുരക്ഷ യാത്രയിൽ ശ്രദ്ധ പുലർത്തുക റോഡ് നിയമം, റോഡ് മര്യാദ മനോഭാവം ഉണർത്തി വികസിപ്പിക്കുക.

2) റോഡ് നിയമത്തിന്റെ രീതി സ്വീകരിക്കാനുള്ള അവബോധം ഉണ്ടാക്കുക.

3) റോഡ് ഉപയോഗശീലങ്ങൾ വികസിപ്പിക്കുക, വിദ്യാർത്ഥികൾ റോഡ് ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4) വിദ്യാർത്ഥികൾ സമ്പർക്കങ്ങളുടെ ചിന്ത് സൂക്ഷിക്കുക.

5) റോഡ് സുരക്ഷാ നിയമങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6) വിദ്യാർത്ഥികൾ റോഡ് സാങ്കേതിക വിദ്യ സങ്കേതങ്ങൾ റോഡ് ഉപയോഗത്തിനായി പ്രയോജനപ്പെടുത്തുക

# ഗണിതം

1) അടിസ്ഥാന ഗണിതക്രിയകൾ ചെയ്യാൻ കുട്ടികൾക്ക് ഉറപ്പാക്കുക
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3) ഓരോ കുട്ടിയിലും കാര്യങ്ങളെ വിശകലനം ചെയ്യുന്ന ഗണിതശേഷികൾ നേടി മനസ്സുണ്ടാക്കുക.
4) ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5) ഗണിതദിനം, പൂർണദിനം, വിശേഷദിനാഘോഷങ്ങൾ എന്നിവ എല്ലാ കുട്ടികളിലും ഉണർത്തുക.

## ലക്ഷ്യങ്ങൾ

1) മലയാളകൃതികളെയും ലേഖനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുക.

2) കവിതകളും കഥകളും ലേഖനങ്ങൾ ഭാഷാ പഠനങ്ങൾ മൂല്യവും കുട്ടികളിലും ഉറപ്പുവരുത്തുക.

3) വായനയിലൂടെയും രചനയിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4) വിദ്യാർത്ഥികൾ നിരീക്ഷണം ചെയ്യുന്ന മൂല്യനിർണയങ്ങൾ ഭാഷാപഠനങ്ങളിലൂടെ ഉറപ്പുവരുത്തുക.

5) ഭാഷാപഠനത്തിൽ ഐ.സി.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## കലാപരിശീലനം

1) കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2) കലാഭിരുചി വളർത്തുക
3) ഓരോ കുട്ടികളുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4) ആധുനിക സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക
5) ഓരോ കുട്ടിയും അവനവന്റെ മനോഭാവം ഉൾക്കൊള്ളുന്ന നാടകത്തിലൂടെ പരിശീലന പരിപാടികൾ ഒരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

1) മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉന്നത ലക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

2) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.

3) ആരോഗ്യ ശീലങ്ങൾ വളർത്തുക.

4) ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ലഭ്യമാക്കുക.

5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവൃത്തി പരിചയം

1) നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2) പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകാരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3) ഓരോ വിദ്യാർത്ഥിയിലും പ്രവൃത്തി പരിചയത്തോടുള്ള താല്പര്യം ജനിപ്പിക്കുക.

# ARABIC

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക പരിപാടി. | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അറബിക് [illegible] ക്ലാസ് നൽകുക. | 2 മാസം | പുസ്തകങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ |
| കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ. നല്ല വായനക്കാരനാക്കുക. | കഥ പുസ്തകം [അറബിക്] അറബിക് ക്വിസ് ചിത്രകഥ. [അറബിക്] | 6 മാസം | പുസ്തകങ്ങൾ | അറബിക് അധ്യാപകർ • ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സഹായികൾ | വിലയിരുത്തൽ |
|---|---|---|---|---|
| അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | • അദ്ധ്യാപകന്റെ മേൽനോട്ടത്തിൽ മൂന്നാം ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം പരിചയപ്പെടുത്തുകയും നോട്ടീസ് ബോർഡിൽ ആ പദം അറബിയിൽ എഴുതുന്നു<br>• മറ്റു വിദ്യാർത്ഥികളും മനസ്സിലാക്കുന്നതിനും ദിവസത്തിലൊരിക്കൽ ചെറിയ ടെസ്റ്റിൽ വിലയിരുത്താൻ സാധിക്കുന്നു | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | വിഭവം |
|---|---|---|---|---|
| • കുട്ടിയെ മികച്ച വൈതൃകാരനാക്കാൻ | വായന കാർഡ് നിർമ്മാണം<br>ചാർട്ട് നിർമ്മാണം. | | | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് സവിശേഷതകൾ കണ്ടെത്തുക. | 1 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീടുകളിൽ വൃക്ഷത്തൈ നടൽ.<br>2. ക്ലാസിന് ഒരു ഫലവൃക്ഷം.<br>3 കുട്ടികളുടെ വീടുകളിൽ പൂന്തോട്ടം, അടുക്കളത്തോട്ടം നിർമ്മാണം സംരക്ഷണം.<br>4 ഫീൽഡ് ട്രിപ്പ് - ചുറ്റുമുള്ള ആവാസ വ്യവസ്ഥകൾ കുന്ന്, വയൽ, കാവുകൾ, കുളം, കിണർ പുഴ, തുടങ്ങിയവ നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | 5000/- |
| 2 ചുറ്റുപാടുമുള്ള സസ്യങ്ങളിലെ വേര്, ഇല, കാണ്ഡം വിത്ത്, ബീജപത്രങ്ങളുടെ എണ്ണം തുടങ്ങിയവ നിരീക്ഷിച്ച് പട്ടികപ്പെടുത്തുന്നു. | 1. ഫീൽഡ് ട്രിപ്പ് ചുറ്റുപാടും നിരീക്ഷിച്ച് ധാരാളം ചെടികളും പരിചയപ്പെടുകയും അവയുടെ ഇല, വേര്, വിത്ത്, കാണ്ഡം എന്നിവയുടെ പ്രത്യേകതകൾ മനസിലാക്കി പട്ടികപ്പെടുത്തുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു. നിരീക്ഷണ കുറിപ്പുകൾ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | 1000/- |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കുന്നു.<br>2. ഇലകൾ ശേഖരിക്കാം. ഇല ആൽബം<br>3. വിത്തുകൾ മുളയ്ക്കുമ്പോൾ അവയിലുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നു<br>4 ശേഖരണം (ഇല, വേര്, വിത്തുകൾ) | | | |
| 3 ശാസ്ത്രപഠന താൽപര്യം വളർത്തുക.<br>4 ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധം ഉള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | 3000/- |
| 5 ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തുക | ഫീൽഡ് ട്രിപ്പ്<br>പോസ്റ്റർ പ്രചാരണം. | | | |
| 6. പഴയകാല ഉപകരണങ്ങൾ അറിയുന്നതിനും പ്രദർശിപ്പിക്കുന്നതിനും | പഴമയുടെ പുതുമ പ്രദർശനം. | | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ. | 2000/- |

| | | | | |
|---|---|---|---|---|
| 7. ലഘുപ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് | സർവ്വേ, ചോദ്യാവലി, വിവരശേഖരണം, ആസൂത്രണം, നിർവ്വഹണം, റിപ്പോർട്ടിങ്. | | അധ്യാപകർ, കുട്ടികൾ | |
| 8. ഭൂപടങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിനും നിർമ്മിക്കുന്നതിനും | ഭൂപട നിർമ്മാണം. | | അധ്യാപകർ, കുട്ടികൾ | |

മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ/ഉറവിടം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ് [അവസ്ഥാവിശകലനം]<br>• എനിക്കൊപ്പം... അക്ഷരം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• വർക്ക് ഷീറ്റ് നൽകൽ.....<br>... സ്പർശം | ജൂൺ മുതൽ ആഗസ്റ്റ് | 1000 | PTA / അധ്യാപകർ |

| | | | | |
|---|---|---|---|---|
| 2. കുട്ടികളെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>• വായനാ മൂല, ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തൽ<br>• വായനാനുഭവം പങ്കിടൽ പങ്കിടൽ<br>• പത്രവായന | ആഗസ്റ്റ് മുതൽ മാർച്ച് വരെ | 1000 | PTA/ അധ്യാപകർ |
| കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക/ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | • സർഗാത്മ ഡയറി<br>• എഴുത്തുകൂട്ടം രൂപീകരണം<br>• വായനാ കുറിപ്പ്; പതിപ്പ്<br>• ബാലസഭ<br>• സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>• ചിത്ര കാർഡുകൾ നൽകൽ [ചിത്രവും പദവും ഉൾക്കൊണ്ടത്]<br>• ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ<br>• കാവ്യോത്സവം<br>• വായന സാമഗ്രികൾ നിർമ്മിക്കൽ<br>• Readers theatre. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | 2000 | PTA/ അധ്യാപകർ |

മേഖല - ഗണിതം.

| | | | | |
|---|---|---|---|---|
| 1 ഗണിതപഠനം ഉല്ലാസപ്രദവും ആനന്ദകരവുമാക്കി എല്ലാവർ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക. | > ഗണിതശേഷികൾ അറിയാം, ഉറപ്പിക്കാം.<br>> ഇന്നത്തെ സംഖ്യാവ്യാഖ്യാനം. | ജൂൺ ജൂലൈ | 1000 | PTA / ഗണിത അധ്യാപകർ. |
| 2 എല്ലാവർ കുട്ടികളെയും മികച്ച പ്രശ്ന പരിഹാരണ ശേഷി ഉള്ളവരാക്കി മാറ്റുക. | > ക്ലാസിലൊരു ലാബ് / സ്കൂളിലൊരു ലാബ്<br>> അബാക്കസ്<br>> കളിനോട്ട്<br>> ഗണിതക്ലോക്കുകൾ<br>> ഗണിത ശില്പശാല. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ. | 3000 | ഗണിത അധ്യാപകർ/ BRC. |
| 3 നമ്പർ പാറ്റേണുകളുടെ സംഖ്യാ ബോധം. | 1, 2, 3, 4 .....<br>1, 3, 5, 7 | ജൂൺ - മാർച്ച് | | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം. പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ. | 10, 20, 30, 40 ….. <br> 5, 10, 15, 20 ….. <br> തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ. <br> ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും കിട്ടും തൊട്ടടുത്ത സംഖ്യയിൽ 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ. | | | |
| 4 <br> പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു. | വിവിധ പട്ടിക തയ്യാറാക്കൽ ക്ലാസിൽ ഒരു കട, സ്കൂളിൽ ഒരു കട. ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ. | അധ്യയന വർഷം | 5000 | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| 5<br>നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. (100-ൽ താഴെ) | വിവിധ പാറ്റേണുകൾ രൂപീകരിക്കൽ. | ആഗസ്റ്റ് | 5000 | ഗണിത അധ്യാപകർ |
| 6<br>ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കൽ. | പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ | അധ്യയന വർഷം | | ഗണിത അധ്യാപകർ |
| 7<br>സംഖ്യാബോധവും ക്രിയാശേഷികളും എളുപ്പവഴികളും നേടിയെടുക്കുന്നതിന് | ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ. | | | ഗണിത അധ്യാപകർ. |

| | | | | |
|---|---|---|---|---|
| 8<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന നിൽക്കുന്ന കുട്ടികളെ മുൻ നിരയിൽ എത്തിക്കാൻ. | ഗണിതം മധുരം.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഗണിത ഗണിത അധ്യാപകരും ഗണിതത്തിൽ മികച്ചതായ കുട്ടികളും ചേർന്ന് ആവശ്യമായ നിർദേശങ്ങൾ നൽകുന്നു. | മാസത്തിൽ 1 പ്രാവശ്യം. | | ഗണിത അധ്യാപകരും കുട്ടികളും |
| 9<br>ഗണിത ശേഷികൾ പോഷകമാക്കൽ. | ഗണിതത്തിൽ മികച്ചതായ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ വേദിയൊരുക്കൽ, ക്ലബ് മേളകൾ സബ്ജില്ലാ മേളകൾ. | ഒക്ടോബർ | | ഗണിത അധ്യാപകരും കുട്ടികളും. |

ഇംഗ്ലീഷ്.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം. |
|---|---|---|---|---|
| ① ഇംഗ്ലീഷ് അസംബ്ലി. | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം. | ക്ലാസ് ടീച്ചർ. | |
| ② ഇംഗ്ലീഷ് ഡയറി | തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ. | |
| ③ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. [Skit, Drama, Story telling, Conversation | സർഗാത്മകതാ പരിപോഷണം | | | |
| ④ ഇംഗ്ലീഷ് കോർണർ- കുട്ടികളുടെ നിലവാരത്തിനനുസരി | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ. | പി.ടി.എ. |

| | | | | |
|---|---|---|---|---|
| ച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന, ശീല ഒരുക്കാൻ, വായനാ കുറിപ്പ് തയ്യാറാക്കാൻ. | | | | |
| | | | | |